LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ത്വക്ക് രോഗാശുപത്രിയുടെ വികസനം

166 (166) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ത്വക്ക് രോഗാശുപത്രിയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇവിടെ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഡെർമെറ്റോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിലെ ആശുപത്രി വികസനത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) കോഴിക്കോട് ത്വക്ക് രോഗാശുപത്രിയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇപ്പോൾ ടി വിഷയം സർക്കാർ പരിഗണനയിലില്ല.

കല്ലാംകുഴിയിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സെന്റർ

167 (167) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്തിൽ 15-ാം വാർഡ് കല്ലാംകുഴിയിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സബ് സെന്ററിന്റെ പ്രവർത്തനം, കഴിഞ്ഞ ആറ് മാസമായി ഡോക്ടറോ മറ്റ് ആരോഗ്യ സംവിധാനങ്ങളോ ഇല്ലാത്തതുകാരണം മുടങ്ങിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സെന്ററിലേയ്ക്ക് ഡോക്ടറുടെയും നഴ്സുമാരുടെയും സേവനം മുടക്കമില്ലാതെ ലഭ്യമാക്കുന്നതിനും ആവശ്യമായ മരുന്നുകൾ അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) കോങ്ങാട് നിയോജക മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിനുകീഴിലെ കല്ലാംകുഴി, തൂക്കുളങ്ങര സബ് സെന്ററിന്റെ ചുമതലയുണ്ടായിരുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് 1-3-2021-ന് സ്ഥലം മാറി പോയതിനാൽ ടി തസ്തിക ഒഴിഞ്ഞ് കിടന്നിരുന്നു. എങ്കിലും പ്രതിമാസം നടത്തിവന്നിരുന്ന പ്രതിരോധ കുത്തിവയ്പുകൾ ഡോക്ടറുടെ നേതൃത്വത്തിൽ കല്ലാംകുഴി, തൂക്കുളങ്ങര സബ് സെന്ററിലും നടത്തിവരുന്നുണ്ട്. നിലവിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ കല്ലാംകുഴി സബ്സെന്ററിലേയ്ക്ക് ജൂനിയർ പബ്ലിക്

ഹെൽത്ത് നഴ്സിനെ നിയമിക്കുകയും 12-8-2021-ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഡോക്ടറുടെ അഭാവത്തിൽ നൽകാൻ കഴിയുന്ന അത്യാവശ്യം മരുന്നുകളുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നവീകരണം

168 (168) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് പഞ്ചായത്തിലെ കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

സർക്കാരിന്റെ ആർദ്രം മിഷൻ മൂന്നാം ഘട്ടത്തിൽ കക്കയം പ്രാഥമികാരോഗ്യ കേന്ദ്രത്തെ 22-10-2020-ലെ സ.ഉ. (ആർ.ടി) നം. 1947 /2020/ ആകുവ., പ്രകാരം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിന് സ്വന്തമായി സ്ഥലമോ, ഭൂമിയോ ഇല്ല. കെ.എസ്.ഇ.ബി.-യുടെ കൈവശമുള്ള സ്ഥലത്തും കെട്ടിടത്തിലുമാണ് സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. സ്വന്തമായി സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണം അടക്കമുള്ള വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതാണ്.

(ബി) കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് ഭൂമിവിട്ടുകിട്ടുന്നതിനുള്ള അപേക്ഷ ഇലക്ട്രിസിറ്റി ബോർഡിന് ആരോഗ്യവകുപ്പ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഭൂമിയാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് ഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ ഇലക്ട്രിസിറ്റി ബോർഡിന് ആരോഗ്യ വകുപ്പ് നൽകിയിട്ടുണ്ട്. കക്കയം പ്രാഥമികാരോഗ്യകേന്ദ്രം സ്ഥിതിചെയ്യുന്ന ഒരു ഏക്കറോളം വരുന്ന സ്ഥലമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ഇതുവരെ ഭൂമി സ്വന്തമായി ലഭ്യമായിട്ടില്ല.

(സി) അമ്പലക്കുന്ന് ആദിവാസി മേഖലയിലുള്ളവർക്ക് ആശ്രയിക്കാൻ കഴിയുന്ന ഏക ആരോഗ്യ കേന്ദ്രമായ കക്കയം കുടുംബാരോഗ്യ കേന്ദ്രം നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

കക്കയം പ്രാഥമികാരോഗ്യ കേന്ദ്രത്തെ സർക്കാരിന്റെ ആർദ്രം മിഷൻ പദ്ധതിയിൽ മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം എന്നിവ വർദ്ധിപ്പിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റാൻ തെരഞ്ഞെടുത്തിട്ടുണ്ട്. സ്വന്തമായി ഭൂമി ലഭ്യമാകുന്നമുറയ്ക്ക് ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്നരീതിയിൽ സ്ഥാപനത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly